## <u>കാറ്റഗറി നമ്പർ : 480/2020</u>
<u>(തസ്തികമാറ്റം വഴിയുള്ള നിയമനം)</u>

കേരള സർക്കാർ സർവ്വീസിൽ താഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺ ലൈനായി അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റിലൂടെ ഓൺ ലൈനായി ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്.

1. **വകുപ്പ്** : നിയമ വകുപ്പ് -ഗവണ്മെന്റ് സെക്രട്ടേറിയറ്റ്
2. **ഉദ്യോഗപ്പേര്** : ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് II
3. **ശമ്പളം** : Rs.29200–62400
4. **ഒഴിവുകളുടെ എണ്ണം** : 2(രണ്ട്) പ്രതീക്ഷിത ഒഴിവുകൾ.[കേരള സർക്കാരിനു കീഴിലുള്ള ഏതെങ്കിലും വകുപ്പിലൊ കേരള ഹൈക്കോടതി സർവീസിലൊ ഏതെങ്കിലും തസ്തികയിൽ സേവനമനുഷ്ഠിക്കുന്നവരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി സംവരണം ചെയ്യപ്പെട്ടത്]

മേൽപ്പറഞ്ഞ ഒഴിവുകൾ 2021 കലണ്ടർ വർഷം ഉണ്ടാകാൻ സാധ്യതയുള്ള പ്രതീക്ഷിത ഒഴിവുകളാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിന് ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല.മുകളിൽ പറഞ്ഞിട്ടുള്ള ഒഴിവുകളിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്കും ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

5 **നിയമനരീതി** : കേരള സർക്കാരിനു കീഴിലുള്ള ഏതെങ്കിലും വകുപ്പിലൊ കേരള ഹൈക്കോടതി സർവീസിലൊ ഉള്ള ഏതെങ്കിലും തസ്തികയിൽ ജോലി ചെയ്യുന്ന യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനം.

**<u>കുറിപ്പ്:-</u>** കേരള സർക്കാരിനു കീഴിലുള്ള ഏതെങ്കിലും വകുപ്പിലൊ കേരള ഹൈക്കോടതി സർവീസിലൊ ഉള്ള ഏതെങ്കിലും തസ്തികയിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം ടി വിഭാഗത്തിനായി മാറ്റിവെച്ചിട്ടുള്ള ഒഴിവുകൾ കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവീസിലെ ഏതെങ്കിലും തസ്തികയിൽ ജോലി ചെയ്യുന്ന യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും തസ്തികമാറ്റം വഴിയും അതുപോലെ തന്നെ തിരിച്ചും നികത്തുന്നതാണ് . മേല്പറഞ്ഞ രണ്ട് വിഭാഗത്തിലും യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം ടി വിഭാഗങ്ങൾക്ക് മാറ്റി വെച്ചിട്ടുള്ള ഒഴിവുകൾ നേരിട്ടുള്ള നിയമനം വഴി നികത്തുന്നതാണ് .

6 **പ്രായപരിധി** : 18–50 ഉദ്യോഗാർത്ഥികൾ 02.01.1970–നും 01.01.2002–നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ)

(വയസ്സിളവിനെ സംബന്ധിച്ചുള്ള മറ്റ് വ്യവസ്ഥകൾ ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.)

**7 യോഗ്യതകൾ:**

1 ഒരു അംഗീകൃത സർവകലാശാലയിൽ നിന്നും ലഭിച്ച നിയമ ബിരുദം

2 ഏതെങ്കിലും സർക്കാർ വകുപ്പിലൊ കേരള ഹൈക്കോടതി സർവീസിലൊ ഉള്ള ഏതെങ്കിലും തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാതെയുള്ള സർവീസ്.

**കുറിപ്പ് (a)**

1 കേരള പബ്ലിക് സർവീസ് കമ്മീഷൻ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ തെരഞ്ഞെടുപ്പിനായി നടത്തുന്ന പരീക്ഷയിൽ ഏറ്റവും കുറഞ്ഞത് 40 % മാർക്ക് നേടുന്ന ഉദ്യോഗാർത്ഥികളെ മാത്രമേ തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി പരിഗണിക്കുകയുള്ളൂ. എന്നാൽ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ നേരിട്ടുള്ള നിയമനത്തിനായി നടത്തുന്ന പരീക്ഷയുടെ ജനറൽ cut off മാർക്ക് 40 % –ത്തിൽ കുറവാണെങ്കിൽ ആ മാർക്ക് തസ്തികമാറ്റം വഴിയുള്ള നിയമനത്തിനും ബാധകമായിരിക്കും..

2 എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കപ്പെട്ടവരോ താത്കാലിക വ്യവസ്ഥയിൽ ജോലി നോക്കുന്നവരോ ആയ ഉദ്യോഗാർത്ഥികൾ ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കാൻ അർഹരല്ല.

**കുറിപ്പ്(b)**

1 കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ് 1958 –ന്റെ പാർട്ട് II ൽ 14 മുതൽ 17 വരെയുള്ള റൂളുകളിൽ പരാമർശിക്കുന്ന സംവരണവുമായി ബന്ധപ്പെട്ട ചട്ടങ്ങൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല

2 KS&SSR Part–II Rule 10 (a) (ii) ബാധകമാണ്.

3 വിജ്ഞാപന പ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളൂ.

4 ഉദ്യോഗാർത്ഥി, അപേക്ഷയിൽ ശരിയായ ജാതി/ സമുദായം അവകാശപ്പെടുകയും അത് എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ നോൺക്രീമിലെയർ/ ജാതി സർട്ടിഫിക്കറ്റിനൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധന സമയത്ത് ഹാജരാക്കേണ്ടതാണ്.

കുറിപ്പ്(c):–തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ തങ്ങളുടെ ഓഫീസ് / വകുപ്പ് മേധാവിയിൽ നിന്നും വാങ്ങിയിട്ടുള്ള താഴെ പറയുന്ന മാതൃകയിലുള്ള സർവീസ് സർട്ടിഫിക്കറ്റ് തങ്ങളുടെ പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്യുകയും ആയതിന്റെ അസ്സൽ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്.

## Service Certificate

| | | |
|---|---|---|
| 1 | Name of the Employee | : |
| 2 | Name of post held by the applicant,<br>scale of pay, pay now drawn | : |
| 3 | Name of the Department | : |
| 4 | Name of Subordinate Service | : |
| 5 | Whether the candidate belongs to Probationer/Approved Probationer/ Full Member | : |
| 6 | Service Particulars | |

| Sl.No | Name of Post held | Period | | Length of Service | | | Date of declaration of probation |
|---|---|---|---|---|---|---|---|
| | | From | To | Year | Month | Days | |
| | | | | | | | |
| Total Service: | | | | | | | |

Certified that the above details in respect of Sri./Smt..................................................................., who is a probationer/ approved probationer/ full member of the .............................................. subordinate service have been verified by me with the service particulars of the candidate and that they are found correct.

Place:
Date:

(Office Seal

Signature
Name & Designation of
Head of Office/ Department

**8 അപേക്ഷകൾ സമർപ്പിക്കേണ്ട രീതി:**

(A) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ 31/12/2010-ന് ശേഷം എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും

ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

(B) ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ ഒ.എം.ആർ/ ഓൺ ലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നല്കേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാ തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നല്കാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചുമുള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്.

(C) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകിയ ശേഷം പരീക്ഷയ്ക്ക് Confirmation നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ Rules of Procedure Rule 22 പ്രകാരം ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

(D) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

9. **അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: 03.02.2021** ബുധനാഴ്ച അർദ്ധരാത്രി 12.00 മണി വരെ.

10. **അപേക്ഷ സമർപ്പിക്കേണ്ട വെബ് സൈറ്റ് :** www.keralapsc.gov.in

(ഫോട്ടോ, ID കാർഡ് ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ പാർട്ട്-2-ൽ കൊടുത്തിരിക്കുന്ന പൊതുവ്യവസ്ഥകൾകൂടി നോക്കുക)

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ